# കേരളസർവകലാശാല

നം.പി.ആർ.53(a)/2023

## പത്രക്കുറിപ്പ്

## ക്യാമ്പസ് കവികളുടെയും നിരൂപകരുടെയും സംഗമമായി നെയ്തൽ കാവ്യോത്സവം

ക്യാമ്പസ് കവികളുടെയും നിരൂപകരുടെയും സംഗമവേദിയായി 'നെയ്തൽ' കാവ്യോത്സവം. കാവ്യോത്സവത്തിനൊടുവിൽ കവിതയും നിരൂപണവും അടങ്ങുന്ന 'നെയ്തൽ കാവ്യോത്സവം' പുസ്തകം കൈകളിലെത്തിയപ്പോൾ എല്ലാ അർത്ഥത്തിലും സംഗമം അർത്ഥവത്തായി.

കേരളസർവകലാശാല കേരളപഠനവിഭാഗമാണ് പുതുതലമുറകവികളുടെയും കവിതാനിരൂപകരുടെയും സംഗമമൊരുക്കിയത്. കേരളത്തിലെ വിവിധ സർവകലാശാലയിലെയും കലാലയങ്ങളിലെയും തെരഞ്ഞെടുക്കപ്പെട്ട കവികളാണ് നെയ്തൽ കാവ്യോത്സവത്തിൽ പങ്കെടുത്ത് കവിതകൾ അവതരിപ്പിച്ചത്. കേരളസർവകലാശാല കാര്യവട്ടം കാമ്പസിലെ നിരൂപകർ കവിതകളുടെ നിരൂപണം അവതരിപ്പിച്ചു. സംഗമത്തിൽ പങ്കെടുത്ത ഏറ്റവും പ്രായം കുറഞ്ഞ നിരൂപക സ്വാതി എ.കെ. ഏറ്റവും പ്രായം കുറഞ്ഞ കവികളായ അനു ട്രീസാ ജോസഫ്, അമൃത പ്രദീപ് എന്നിവർക്ക് നൽകിയാണ് പുസ്തകം പ്രകാശനം ചെയ്തത്. ഒൻപതുകവിതകളുടെയും ആ കവിതകളുടെ നിരൂപണവുമാണ് പുസ്തത്തിന്റെ ഉള്ളടക്കം. മിത്രഎസ്.ജി(കേരളസർവകലാശാല), അനഘ ടി.ജെ(ഗവ. കോളജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കോഴിക്കോട്), സജിത്ത്. എൻ.എസ്.(കേരളകേന്ദ്രസർവലാശാല, കാസറഗോഡ്), അഖിൽ കെ.(കാലിക്കറ്റ് സർവകലാശാല), അഖീഷ് എം.എസ്.(സംസ്കൃതസർവകലാശാല, കാലടി), സ്നേഹ ബിജു(കേരളസർവകലാശാല), അമൃത പ്രദീപ് കേരളസർവലാശാല), അജേഷ് തോട്ടത്തിൽ (കേരളകേന്ദ്രസർവലാശാല, കാസറഗോഡ്), അനു ട്രീസ ജോസഫ് (എസ്.ബി. കോളജ് ചങ്ങനാശേരി) എന്നിവർ കവിതകൾ അവതരിപ്പിച്ചു. കേരളസർവകലാശാലയിലെ വിദ്യാർത്ഥികളായ എ. വിജയകുമാർ, രമ്യ ആർ. പിള്ള, റിജോയ് എം. രാജൻ, അമൃത ഐ.പി., സ്വാതി. എ.കെ., സ്റ്റാലിൻ കെ., പി. കൃഷ്ണദാസ്, രമ്യ രാജൻ, മനോജ് മനോഹരൻ എന്നിവർ നിരൂപണം നിർവഹിച്ചു.

കേരളപഠനവിഭാഗം അദ്ധ്യക്ഷൻ ഡോ. സി.ആർ. പ്രസാദ് അദ്ധ്യക്ഷനായിരുന്നു. കേരളസർവകലാശാലാ ഓറിയന്റൽ ഫാക്കൽറ്റി ഡീൻ ഡോ. എ.എം. ഉണ്ണിക്കൃഷ്ണൻ, ഡോ. എസ്. നൗഷാദ്, മനോജ് മനോഹരൻ എന്നിവർ ആശംസകൾ അർപ്പിച്ചു.

തിരുവനന്തപുരം,
13.03.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**
**website: www.keralauniversity.ac.in**